നം. സി.ഇ.ഇ/1515/2011/കെഇഎം-2012/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനം 2012

## മൂന്നാം ഘട്ട അലോട്ടുമെന്റ്

2012 ലെ വിവിധ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ടുമെന്റ് **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ **05.08.2012** ന് പ്രസിദ്ധീകരിക്കുന്നതാണ്.

മൂന്നാം ഘട്ട അലോട്ടുമെന്റ് മെമ്മോ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. **അതിന്റെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതും അഡ്മിഷൻ സമയത്ത് ബന്ധപ്പെട്ട കോളേജിൽ ഹാജരാക്കേണ്ടതുമാണ്.**

മൂന്നാം ഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോ പ്രകാരം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടക്കേണ്ട ഫീസ്/ബാക്കി ഫീസ്/ഡെപ്പോസിറ്റ് ഉണ്ടെങ്കിൽ അത് **06.08.2012, 07.08.2012** തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. കേന്ദ്രീകൃത അലോട്ടുമെന്റ് പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിൽ അലോട്ടുമെന്റ് ലഭിക്കുകയും എസ്.ബി.റ്റി.യുടെ ശാഖകളിൽ ഫീസ് ഒടുക്കുകയും ചെയ്ത എല്ലാ വിദ്യാർത്ഥികളും മൂന്നാം ഘട്ട അലോട്ടുമെന്റ് മെമ്മോ, ഡേറ്റാ ഷീറ്റ്, പ്രോസ്പെക്ടസ് ഖണ്ഡിക **11.7.1** പ്രകാരം ഉള്ള എല്ലാ അസൽ രേഖകളും സഹിതം അലോട്ട്മെന്റ് മെമ്മോയിൽ പറയുന്ന കോളേജുകളിൽ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള അഡ്മിഷൻ ഷെഡ്യൂൾ പ്രകാരം നേരിട്ട് ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. **എം.ബി.ബി.എസ് കോഴ്സിന് അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ അഡ്മിഷൻ സമയത്ത് G.O(Ms)No.533/08/H&FWD dated: 07/10/2008 പ്രകാരമുള്ള ബോണ്ട് സമർപ്പിക്കേണ്ടതാണ്. ഇതിന്റെ മാതൃക വെബ്സൈറ്റിൽ ലഭ്യമാണ്.**

നിശ്ചിത സമയത്തിനുള്ളിൽ ഫീസ്/ബാക്കി ഫീസ്/ഡെപ്പോസിറ്റ് ഒടുക്കാത്തതും കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടാത്തതുമായ വിദ്യാർത്ഥികളുടെ അലോട്ടുമെന്റും, എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതും അവർ അലോട്ട്മെന്റ് പ്രക്രിയയിൽ നിന്നും പുറത്താകുന്നതുമാണ്.

**08.08.2012 വൈകുന്നേരം 5.30 ന്** എല്ലാ കോളേജ് അധികാരികളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നോൺ ജോയിനിംഗ് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

മൂന്നാം ഘട്ട അലോട്ടുമെന്റ് പ്രകാരം **സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ** അഡ്മിഷൻ എടുത്ത ശേഷം അലോട്ടുമെന്റ് റദ്ദ് ചെയ്ത അലോട്ടുമെന്റ് പ്രക്രിയയിൽ നിന്നും പുറത്തുപോകാൻ ആഗ്രഹിക്കുന്നവർക്ക് www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ തങ്ങളുടെ അലോട്ടുമെന്റ് റദ്ദാക്കുന്നതിനുള്ള അപേക്ഷ **07.08.2012 മുതൽ 09.08.2012** രെ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഇതിനായി **"KEAM-2012 Allotment Cancellation"** എന്ന ലിങ്ക് വഴി ഹോം പേജിൽ പ്രവേശിച്ച ശേഷം അലോട്ടുമെന്റ് റദ്ദാക്കാനുള്ള കാരണം രേഖപ്പെടുത്തേണ്ടതാണ്. ഓൺലൈനായി ക്യാൻസലേഷന് സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത ശേഷം വിദ്യാർത്ഥിയും രക്ഷകർത്താവും അതിൽ ഒപ്പിടേണ്ടതും ഗസറ്റഡ് ഓഫീസറെ കൊണ്ട് സാക്ഷ്യപ്പെടുത്തിയശേഷം കമ്മീഷണർ ഫോർ എൻട്രൻസ്

എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695001 എന്ന വിലാസത്തിൽ **09.08.2012** വൈകുന്നേരം **5** മണിക്കു മുമ്പ് സ്പീഡ് പോസ്റ്റ് മുഖേനയോ നേരിട്ടോ ലഭ്യമാക്കേണ്ടതുമാണ്. ഫാക്സ് / ഇ-മെയിൽ വഴി ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

അലോട്ടുമെന്റ് റദ്ദാക്കാൻ അപേക്ഷിക്കുന്നവരുടെ നിലവിലുള്ള അലോട്ടുമെന്റും അതോടൊപ്പം എല്ലാ ഹയർ ഓപ്ഷനുകളും നഷ്ടപ്പെടുന്നതാണ്. നഷ്ടപ്പെടുന്ന അലോട്ടുമെന്റും ഹയർ ഓപ്ഷനുകളും യാതൊരു കാരണവശാലും പിന്നീട് തിരികെ ലഭിക്കുന്നതല്ല. **09.08.2012** നുശേഷം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അലോട്ടുമെന്റ് ക്യാൻസലേഷൻ അനുവദിക്കുന്നതല്ല.

**14.08.2012 ന്** പ്രസിദ്ധീകരിക്കുന്ന നാലാം ഘട്ട അലോട്ട്മെന്റോടുകൂടി സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അലോട്ട്മെന്റ് നടപടികൾ അവസാനിക്കുന്നതാണ്. നാലാം ഘട്ട അലോട്ട്മെന്റ് പ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും അലോട്ടുമെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. **അല്ലാത്തപക്ഷം പ്രോസ്പെക്ടസിലെ ഖണ്ഡിക 12.2.4 (c) പ്രകാരമുള്ള പിഴ നൽകാൻ ബാധ്യസ്ഥരായിരിക്കും.**

നാലാം ഘട്ട അലോട്ടുമെന്റ് നടപടിക്രമങ്ങൾ **11.08.2012 ന്** ആരംഭിക്കുന്നതാണ്. വിദ്യാർത്ഥികൾക്ക് ആഗസ്റ്റ് 11 മുതൽ 12 വൈകുന്നേരം 5 മണി വരെ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിന് വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ് ലൈൻ നമ്പരുകളായ **0471 2339101, 2339102, 2339103, 2339104** എന്നിവയിലും സിറ്റിസൺ കാൾസെന്ററിന്റെ **155300, 0471-2115054, 2115098, 2335523** എന്നീ നമ്പരുകളിലും ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
04 .08.2012